**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1811** **02-02-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കെട്ടിട നിർമ്മാണത്തിനു സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലെ സർക്കാർ സ്ഥലം ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | 02.06.2014 - ലെ സ.ഉ(എം.എസ്) നമ്പർ 228/2014/റ.വ പ്രകാരം കോഴിക്കോട് താലൂക്ക് കസബ വില്ലേജിൽ റീ സർവ്വേ നമ്പർ TS 5/23/1139/2 - ൽപ്പെട്ട 54 സെന്റ് ഭൂമി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ കോഴിക്കോട് സെന്റർ നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കമുന്നയിച്ച് കോഴിക്കോട് ശ്രീ.അഴകോടി ദേവീക്ഷേത്ര ഭൂമി സംരക്ഷണ സമിതി പ്രസിഡന്റ് ബഹു. ഹൈക്കോടതിയിൽ WP(C)No.23793/2021 നമ്പർ കേസ് ഫയൽ ചെയ്തതിനാൽ പുതിയ അക്കാഡമി കെട്ടിടം പണിയുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് കോടതിയുടെ തീർപ്പുണ്ടാകുന്ന മുറയ്ക്ക് മാത്രമേ പുതിയ കെട്ടിടം പണിയുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

**റവന്യൂ വകുപ്പ്- കോഴിക്കോട് താലൂക്ക് കസബ വില്ലേജ് റീ സ ടി എസ് 5/23/1139/2 ൽപ്പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതുമായ 54 സെന്റ് സ്ഥലം (.54 ഏക്കർ) കേരള സിവിൽ സർവീസ് അക്കാദമി സ്ഥാപിക്കുന്നതിലേക്കായി സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെന്ററിന് ഏക്കറിന് 1000/- രൂപ എന്ന വാർഷികപാട്ട നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

## റവന്യൂ (എൽ) വകുപ്പ്

സ.ഉ.(എം.എസ്) നം.228/2014/റവ തീയതി, തിരുവനന്തപുരം 02/06/2014

പരാമർശം:
1) സ.ഉ.(എം.എസ്)26/2011/പി.ഡബ്ല്യൂ.ഡി തീയതി 9/5/2011
2) സ.ഉ.(സാധാ)1266/2012/പി.ഡബ്ല്യൂ.ഡി തീയതി 3/7/12
3) ലാന്റ് റവന്യൂ കമ്മീഷണറുടെ 17/7/2012 ലെ എൽ ആർ ജെ5-28656/12 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് താലൂക്ക് കസബ വില്ലേജ് റീ സ ടി എസ് 5/23/1134 ൽ ഉൾപ്പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതുമായ 34 സെന്റ് സ്ഥലവും പ്രസ്തുത സ്ഥലത്തുള്ള കെട്ടിടങ്ങളും സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി അഞ്ച് വർഷത്തേക്ക് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള എന്ന സൊസൈറ്റിക്ക് വാടക ഒഴിവാക്കി അനുവദിച്ച് കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പ് നേരത്തെ കോഴിക്കോട് നിർമ്മിതി കേന്ദ്രത്തിന് കൈമാറിയതായിരുന്നതിനാൽ പരാമർശം (2) ലെ ഉത്തരവ് പ്രകാരം പരാമർശം (1) ലെ ഉത്തരവ് റദ്ദ് ചെയ്തിരുന്നു.

2) കോഴിക്കോട് താലൂക്ക് കസബ വില്ലേജ് റീ സ ടി എസ് 5/23/1139/2 ൽപ്പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതുമായ 54 സെന്റ് സ്ഥലം(.54 ഏക്കർ) കേരള സിവിൽ സർവീസ് അക്കാദമി സ്ഥാപിക്കുന്നതിലേക്കായി കൈമാറാവുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രം കോഴിക്കോട് സ്ഥാപിക്കുന്നതിലേക്കായി കോഴിക്കോട് താലൂക്ക് കസബ വില്ലേജ് റീ സ ടി എസ് 5/23/1139/2 ൽപ്പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതുമായ 54 സെന്റ് സ്ഥലം സിവിൽ സർവീസ് അക്കാദമി ഉപകേന്ദ്രം സ്ഥാപിക്കുന്നതിലേക്കായി വിദ്യാഭ്യാസ വകുപ്പിന് കൈമാറി നൽകുന്നതിനുള്ള കൈമാറ്റ നിർദ്ദേശം കോഴിക്കോട് ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാർ ഭൂമി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ പി ഡബ്ല്യൂ ഡി യുടെ എൻ ഒ സി കൂടി ലഭ്യമാക്കി സിവിൽ സർവ്വീസ് അക്കാദമിക്ക് 30 വർഷത്തേക്ക് പാട്ടത്തിന് ടി ഭൂമി അനുവദിക്കുന്നതാണ് ഉചിതം എന്ന് ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു.

3) മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കോഴിക്കോട് താലൂക്ക് കസബ വില്ലേജ് റീ സ ടി എസ് 5/23/1139/2 ൽപ്പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ

അധീനതയിലുളളതുമായ 54 സെന്റ് സ്ഥലം(.54 ഏക്കർ) കേരള സിവിൽ സർ[illegible] അധീനതയിലുളളതുമായ 54 സെന്റ് സ്ഥലം(.54 ഏക്കർ) കേരള സിവിൽ സർവ്വീസ് അക്കാദമി സ്ഥാപിക്കുന്നതിലേക്കായി സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെന്ററിന് ഏക്കറിന് 1000/- രൂപ എന്ന വാർഷികപാട്ട നിരക്കിൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 30 വർഷത്തേക്ക് പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

1) വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങൾക്കല്ലാതെ ഈ ഭൂമി മറ്റ്യാതൊരാവശ്യങ്ങൾക്കും ഉപയോഗിക്കുവാൻ പാടുളളതല്ല;
2) ഭൂമി ഉപപാട്ടത്തിന് നൽകാനോ, കൈമാറ്റം ചെയ്യാനോ, ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്താനോ പാടില്ല;
3) ഭൂമി അനുവദിച്ച് ഒരു വർഷത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;
4)പ്രസ്തുത ഭൂമിയിൽ നിലവിലുളള വൃക്ഷങ്ങൾ പരമാവധി നിലനിർത്തി കൊണ്ടു വേണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. ഏതെങ്കിലും കാരണവശാൽ മരങ്ങൾ മുറിക്കേണ്ടി വന്നാൽ ആയതിന് നിയമപ്രകാരമുളള മുൻകൂർ അനുമതി വാങ്ങേണ്ടതും ബന്ധപ്പെട്ട റവന്യൂ അധികാരികളുടെ മേൽ നോട്ടത്തിൽ മാത്രമേ മരങ്ങൾ മുറിയ്ക്കുവാനും പാടുളളു; പകരം വൃക്ഷത്തൈകൾ നടേണ്ടതുമാണ്;
5) ഏതു കയ്യേറ്റത്തിൽ നിന്നും ഭൂമി സംരക്ഷിച്ചു നിർത്തേണ്ടതാണ് ;
6) ഓരോ മൂന്ന് വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്;
7) പാട്ടത്തുക എല്ലാ സാമ്പത്തികവർഷവും ഏപ്രിൽ മാസത്തിൽ തന്നെ ഒടുക്കേണ്ടതാണ്;
8) പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്;
9) മേൽ പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി റവന്യൂ വകുപ്പിൽ തിരികെ നിക്ഷിപ്തമാകുന്നതാണ്.

4) ഇക്കാര്യത്തിൽ ആവശ്യമായ നിയമാനുസൃത തുടർനടപടികൾ കോഴിക്കോട് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സത്യജീത്ത് രാജൻ,
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം 22
ജില്ലാകളക്ടർ, കോഴിക്കോട് (റിക്കോർഡുകൾ സഹിതം)
ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, തിരുവനന്തപുരം
തഹസിൽദാർ, കോഴിക്കോട് താലൂക്ക്, കോഴിക്കോട്
പൊതുമരാമത്ത് വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ധനകാര്യ (എക്സ്പെൻഡിച്ചർ-എ) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാര

സെക്ഷൻ ഓഫീസ